➩ കോളയുടെ കൊള്ളരുതായ്മകൾ പൊറുത്തിട്ടില്ല എന്നതിന്റെ സൂചനകൾ ആ മുഖങ്ങളിൽ കാണാം ➩

പ്ലാച്ചിമടയിലെ
കൊക്കക്കോളയുടെ
സി.എസ്.ആർ പദ്ധതി:
ഒരു അവലോകനം

**പതിനഞ്ച്** വർഷത്തിലേറെയായി പൂട്ടിക്കിടക്കുകയാണ് പ്ലാച്ചിമടയിൽ സ്ഥിതി ചെയ്യുന്ന കൊക്കക്കോള കമ്പനിയുടെ ബോട്ടിലിംഗ് പ്ലാന്റ്. നിരവധി നരച്ച കെട്ടിടങ്ങളും കാടുകയറിക്കിടക്കുന്ന വിശാലമായ പറമ്പും എപ്പോഴും അടഞ്ഞുതന്നെയിരിക്കുന്ന കവാടവുമായിരുന്നു ഏറെ നാളുകളായി അവിടെ കാണാൻ കഴിഞ്ഞിരുന്നത്. ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി അവരുടെ ഈ പ്ലാന്റ് വെറുതെ ഒരു ദിവസം അടച്ചുപൂട്ടാൻ തീരുമാനിച്ചതല്ല. 2000ൽ പ്രവർത്തനം തുടങ്ങിയ കാലം മുതൽ കമ്പനിക്കെതിരെ ഉയർന്നുവന്ന പ്രതിഷേധങ്ങളുടെയും സമരങ്ങളുടെയും അനന്തരഫലമായി അവർ പ്ലാന്റിന്റെ പ്രവർത്തനം നിർത്താൻ നിർബന്ധിതരായിത്തീരുകയായിരുന്നു. കൊക്കക്കോള എന്ന ബഹുരാഷ്ട്ര കോർപ്പറേറ്റ് ഭീമൻ പലതരത്തിൽ ശ്രമിച്ചിട്ടും പ്രദേശവാസികളുടെ പോരാട്ടത്തിന് മുന്നിൽ ലാഭാർത്തിയുടെ വാതിലുകൾ താത്കാലികമായെങ്കിലും താഴിട്ട് പൂട്ടേണ്ടിവന്നു. ബോട്ടിലിംഗ് പ്ലാന്റിന്റെ പ്രവർത്തനം നിർത്തേണ്ട സാഹചര്യത്തിലേക്ക് കൊക്കക്കോള എത്തുന്നതിന് പിന്നിൽ സമ

# കൊക്കക്കോളയുടെ 'കാരുണ്യ' തന്ത്രവും മുഖ്യമന്ത്രിയുടെ 'അ'ധാർമ്മിക പിന്തുണയും

സി.എസ്.ആർ പദ്ധതിയിലൂടെ കൊക്കക്കോള വീണ്ടും പ്ലാച്ചിമടയിലേക്ക് വരുന്നത് എന്തിനാണ്? കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി പദ്ധതികൾ നിയമ പ്രകാരം നിർബന്ധമാക്കിയതു കൊണ്ടാണോ? അതോ സ്വന്തം കൈവശമുള്ള 34 ഏക്കർ സ്ഥലം പ്ലാച്ചിമടക്കാർക്ക് കൂടി ഉപകാരപ്പെടുന്നതരത്തിൽ ഉപയോഗിക്കാൻ വേണ്ടിയോ? പ്രത്യക്ഷത്തിൽ അങ്ങനെയെല്ലാം തോന്നാമെങ്കിലും കൊക്കക്കോളയുടെ വാണിജ്യ താത്പര്യങ്ങളും കോർപ്പറേറ്റ് ഇടപെടലുകളുടെ ചരിത്രവും പരിശോധിക്കുമ്പോൾ വെളിവാകുന്നത് കാരുണ്യത്തിന് പിന്നിലെ കറുത്തകൈകളാണ്.

**കേരളീയം ഡസ്ക്**

രത്തിന്റെ ഭാഗമായി രൂപപ്പെട്ടുവന്ന നിരവധി ഘടകങ്ങളുണ്ട്. പ്ലാന്റിന്റെ പ്രവർത്തനം നിന്ന ശേഷവും ആ നാട്ടിൽ ചെയ്ത അപരാധങ്ങളുടെ പേരിൽ കൊക്കക്കോള കുറ്റവിചാരണ ചെയ്യപ്പെടണമെന്നും നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് തദ്ദേശീയർ സമരം തുടരുകയായിരുന്നു. പഴയ സമരാവേശകാലത്തിന്റെ അലയൊലികളൊന്നും അവശേഷിക്കുന്നില്ലെങ്കിലും ഇന്നും പ്ലാച്ചിമടയിൽ ആ സമരപ്പന്തലുണ്ട്, ഇടയ്ക്കെങ്കിലും അതിലൊത്തുകൂടുന്ന കുറേ മനുഷ്യരും. പ്രത്യക്ഷത്തിൽ സമരം ക്ഷീണിച്ചതായിത്തോന്നാമെങ്കിലും കോളയുടെ കൊള്ളരുതായ്മകൾ പൊറുത്തിട്ടില്ല എന്നതിന്റെ സൂചനകൾ ആ മുഖങ്ങളിൽ കാണാം. എന്നാൽ, പ്ലാച്ചിമട സമരത്തിന്റെ തീക്ഷ്ണകാലങ്ങൾ കേരളത്തിന്റെ പൊതുമനസ്സിൽ നിന്നും പതിയെ മാഞ്ഞുതുടങ്ങിയതുകൊണ്ടാകാം കൊക്കക്കോള പുതിയ രൂപത്തിൽ അതേ സ്ഥലത്ത് പുനർജനിക്കാൻ ശ്രമിക്കുന്നത്.

അതെ, കാടു മൂടിക്കിടക്കുന്ന 34 ഏക്കർ പറമ്പിൽ അത്ര സുതാര്യമല്ലാത്ത ചില വെട്ടിവെളിപ്പിക്കലുകൾ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. നരച്ചകെട്ടിടങ്ങൾ പുതിയ ചായംപൂശി പതിയെ തലപൊക്കിത്തുടങ്ങി. ഇനി അനക്കം തട്ടില്ലെന്ന് തുരുമ്പുപോലും കരുതിയിരുന്ന പ്രവേശന കവാടത്തിലുമുണ്ട് ചില മോടിപിടിപ്പിക്കലുകൾ. എന്തിനാണ് കൊക്കക്കോള ഒരുങ്ങുന്നത്? അവർ നിക്ഷേപിച്ചതിലേറെ നീതിക്കായി സമരം ചെയ്തവർക്ക് നി

ക്ഷേപിക്കേണ്ടി വന്ന ഈ മണ്ണിൽ എന്താണ് പുതിയതായി കോള ഇറക്കുമതി ചെയ്യാൻ പോകുന്ന ചതിപ്രയോഗം. വാർത്തകളിലൂടെ അവർ വ്യക്തമാക്കിയതനുസരിച്ച് വളരെ നിഷ്കളങ്കമെന്ന് തോന്നിക്കുന്ന സന്നദ്ധ പ്രവർത്തനങ്ങളാണ് പ്ലാച്ചിമടയിൽ വരാൻ പോകുന്നത്. ഒരിക്കൽ വിഷപാനീയം നിർമ്മിച്ച സ്ഥലത്ത് കൊക്കക്കോള ഒരു പ്രാരാബ്ദത്തിനൊരുങ്ങുന്നതാകുമോ എന്ന് ആരും സന്ദേഹിക്കും വിധമാണ് സാമൂഹ്യക്ഷേമ പദ്ധതികളുടെ രൂപരേഖ. കുപ്പിയിൽ നിറച്ച് അങ്ങാടിയിൽ എത്തിച്ചിരുന്നത് വിഷപാനീയമല്ലെന്നും പ്ലാച്ചിമടയിൽ ഒരപരാധവും ചെയ്തിട്ടില്ലെന്നും കൊക്കക്കോള ആത്മവിശ്വാസത്തോടെ ആവർത്തിക്കുന്ന സ്ഥിതിക്ക് അവരെ സംബന്ധിച്ച് ഇത് ഒരു കുമ്പസാരമായിരിക്കില്ല. പിന്നെ എന്താണ് കൊക്കക്കോളയുടെ ഉദ്ദേശം? കോളയ്ക്കൊപ്പം അൽപ്പം കാരുണ്യം കൂടി കലക്കി വിൽക്കുന്നതാകും ഇനിയുള്ള കാലത്ത് നല്ലതെന്ന് തിരിച്ചറിഞ്ഞതാകുമോ?

ഒരിക്കൽ വിഷപാനീയം നിർമ്മിച്ച സ്ഥലത്ത് കൊക്കക്കോള ഒരു പ്രാരാബ്ദത്തിനൊരുങ്ങുന്നതാകുമോ എന്ന് ആരും സന്ദേഹിക്കും വിധമാണ് സാമൂഹ്യക്ഷേമ പദ്ധതികളുടെ രൂപരേഖ. കുപ്പിയിൽ നിറച്ച് അങ്ങാടിയിൽ എത്തിച്ചിരുന്നത് വിഷപാനീയമല്ലെന്നും പ്ലാച്ചിമടയിൽ ഒരപരാധവും ചെയ്തിട്ടില്ലെന്നും കൊക്കക്കോള ആത്മവിശ്വാസത്തോടെ ആവർത്തിക്കുന്ന സ്ഥിതിക്ക് അവരെ സംബന്ധിച്ച് ഇത് ഒരു കുമ്പസാരമായിരിക്കില്ല. പിന്നെ എന്താണ് കൊക്കക്കോളയുടെ ഉദ്ദേശം? കോളയ്ക്കൊപ്പം അൽപ്പം കാരുണ്യം കൂടി കലക്കി വിൽക്കുന്നതാകും ഇനിയുള്ള കാലത്ത് നല്ലതെന്ന് തിരിച്ചറിഞ്ഞതാകുമോ?

**പ്ലാച്ചിമടയിൽ വരുന്നതെന്ത്?**

പഞ്ചായത്തിൽ സമർപ്പിച്ച രേഖയിൽ കൊക്കക്കോള പറയുന്നതനുസരിച്ച് പ്ലാച്ചിമടയിലെ ഭൂമിയിൽ വരാൻ പോകുന്നത് കമ്പനിയുടെ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റിയുടെ ഭാഗമായ പ്രവർത്തനങ്ങളാണ്. അതായത് വൻകിട കോർപ്പറേറ്റുകൾക്ക് നിയമപ്രകാരം നടത്തേണ്ടി വരുന്ന സാമൂഹ്യ പ്രതിബദ്ധതാ പദ്ധതികൾ. കമ്പനിനിയമം അനുസരിച്ച് 1000 കോടിയിലധികം വിറ്റുവരവോ 500 കോടി രൂപ അറ്റാദായമോ അഞ്ചുകോടി രൂപയിലധികം ലാഭമോ ഉള്ള എല്ലാ കമ്പനികളും അവരുടെ ലാഭത്തിന്റെ രണ്ടുശതമാനം സാമൂഹ്യ ഉത്തരവാദിത്ത നിർവഹണത്തിനായി ചെലവഴിക്കണം. സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തും അതിന്റെ പരിസരത്തുമാകണം ഈ പണം ചെലവഴിക്കേണ്ടതെന്നും നിയമം വ്യവസ്ഥചെയ്യുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമവികസനം എന്നീ മേഖലകളിലാണ് ഇന്ത്യയിൽ കൂടുതലായും സി.എസ്.ആർ ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. ഇതാണ് കൊക്കക്കോള പ്ലാച്ചിമടയിൽ നടത്താൻ പോകുന്ന പ്രവർത്തനങ്ങളുടെയും അടിത്തറ. ആരോഗ്യസംരക്ഷണ കേന്ദ്രം, കരിയർ ഡവലപ്മെന്റ് സെന്റർ, വനിതാ ശാക്തീകരണത്തിനായി സ്വയംതൊഴിൽ പരിശീലന പദ്ധതികൾ, എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ സെന്റർ എന്നിവയാണ് ആദ്യഘട്ടമായി കൊക്കക്കോള കൊണ്ടുവരാൻ പോകുന്നത് എന്ന് പറയുന്നു.

**ആരാണ് ജെയ്ൻ ഫാം ഫ്രഷ്?**

രണ്ടാംഘട്ടം കുറച്ചുകൂടി വിപുലമാണ്. രണ്ടാം ഘട്ടത്തിൽ ജെയ്ൻ ഫാം ഫ്രഷ് ലിമിറ്റഡ് എന്ന കമ്പനിയാണ് കൊക്കക്കോളയുടെ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് നേതൃത്വം നൽകാൻ പോകുന്നത്. കൃഷിയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ആരാണ് പ്ലാച്ചിമടയിൽ കൃഷി ചെയ്യാൻ വരുന്ന ഈ ജെയ്ൻ ഫാം ഫ്രഷ് ലിമിറ്റഡ്? Jain Farm Fresh Foods Limited (JFFFL) എന്ന കമ്പനിയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മാങ്ങ ഏറ്റവും കൂടുതൽ പ്രോസസ് ചെയ്യുന്ന ലോകത്തിലെ തന്നെ വലിയ കമ്പനികളിൽ ഒന്നാണ് JFFFL എന്നാണ് കാണാൻ കഴിയുന്നത്. മൈക്രോ ഇറിഗേഷന് ആവശ്യമായ പൈപ്പുകളും മറ്റും നിർമ്മിക്കുന്ന ജെയ്ൻ ഇറിഗേഷൻ സിസ്റ്റം ലിമിറ്റഡ് (JISL) എന്ന കമ്പനിയുടെ അനുബന്ധ സ്ഥാപനം കൂടിയാണ് JFFFL. ഈ കമ്പനി മറ്റു പല സംസ്ഥാനങ്ങളിലും ഇതിനകം നടപ്പാക്കിയ, അൾട്രാ ഹൈ ഡെൻസിറ്റി പ്ലാന്റേഷൻ ടെക്നോളജിയും ഡ്രിപ്പ് ഇറിഗേഷനും ഉപയോഗിച്ചുകൊണ്ടുള്ള കാർഷിക പദ്ധതികളാണ് പ്ലാച്ചിമടയിൽ രണ്ടാം ഘട്ടമായി കൊണ്ടുവരാൻ പോകുന്നത്. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തെങ്ങ്, മാവ്, വാഴ എന്നിവയുടെ പ്ലാന്റേഷനുകൾ സ്ഥാപിക്കുമെന്ന് പദ്ധതി രേഖയിൽ പറയന്നു. ഇത് വിജയിക്കുകയാണെങ്കിൽ അടുത്തഘട്ടത്തിൽ സുഗന്ധവ്യഞ്ജനങ്ങളിലേക്ക് കടക്കുമെന്നും പറയുന്നുണ്ട്. തെലുങ്കാന, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ ജെയ്ൻ ഫാം ഫ്രഷ് കമ്പനി തന്നെ പരീ

ക്ഷിച്ചുകൊണ്ടിരിക്കുന്ന 'ഉന്നതി' എന്ന പദ്ധതിയാണ് പ്ലാച്ചിമടയിലും നടപ്പാക്കാൻ പോകുന്നത്. കൊക്കക്കോളയും ജെയ്ൻ ഫാം ഫ്രഷും ഒരുമിച്ച് ചേർന്ന് മഹാരാഷ്ട്രയിലെ മറാത്തവാഡയിലും വിദർഭയിലും ഓറഞ്ച് കൃഷിയിൽ അൾട്രാ ഹൈഡെൻസിറ്റി പ്ലാന്റേഷൻ ടെക്നോളജി വിജയകരമായി നടപ്പിലാക്കിയതായും പറയുന്നുണ്ട്. മുമ്പ് പ്രവർത്തിച്ചിരുന്ന പ്ലാന്റും കുളങ്ങളും കിണറുകളും നിൽക്കുന്ന പ്രദേശമൊഴികെ 34 ഏക്കറിൽ 25 മുതൽ 27 ഏക്കർ വരെയുള്ള സ്ഥലം കൃഷിക്കായി ഉപയോഗിക്കാം എന്നാണ് പദ്ധതി രേഖയിൽ പറയുന്നത്. കർഷകർക്ക് പുതുതായി ചെയ്യുന്ന കൃഷിരീതി സംബന്ധിച്ച് പ്രത്യേകം പരിശീലനവും നൽകും. ഇതിന് പുറമെ നഴ്സറിയും തുടങ്ങുമെന്ന് പറയുന്നുണ്ട്. ജെയ്ൻ കമ്പനി തന്നെയാണ് ഇതിനെല്ലാം നേതൃത്വം നൽകുന്നത്.

പ്രോജക്ട് റിപ്പോർട്ട് പ്രകാരം ആരുടെയും ഹൃദയത്തിൽ സ്പർശിക്കുന്നതരത്തിലുള്ള കാരുണ്യമാണ് കൊക്കക്കോളയും ജെയ്ൻ ഫാം ഫ്രഷും കൂടിച്ചേർന്ന് പ്ലാച്ചിമടയിൽ വിതരണം ചെയ്യാൻ പോകുന്നത്. പക്ഷെ എന്താണ് ഈ കാരുണ്യ പ്രവർത്തനത്തിലേക്ക് കൊക്കക്കോളയെ എത്തിച്ച കാരണങ്ങൾ? കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി പദ്ധതികൾ നിയമപ്രകാരം നിർബന്ധമാക്കിയതുകൊണ്ടാണോ? അതോ സ്വന്തം കൈവശമുള്ള 34 ഏക്കർ സ്ഥലം പ്ലാച്ചിമടക്കാർക്ക് കൂടി ഉപകാരപ്പെടുന്നതരത്തിൽ ഉപയോഗിക്കാൻ വേണ്ടിയോ? പ്രത്യക്ഷത്തിൽ അങ്ങനെയെല്ലാം തോന്നാമെങ്കിലും കൊക്കക്കോളയുടെ വാണിജ്യ താത്പര്യങ്ങളും കോർപ്പറേറ്റ് ഇടപെടലുകളുടെ ചരിത്രവും പരിശോധിക്കുമ്പോൾ വെളിവാകുന്നത് കാരുണ്യത്തിന് പിന്നിലെ കറുത്തകൈകളാണ്.

**കോളച്ചതികളുടെ ചരിത്രം**

കൊക്കക്കോള പ്ലാച്ചിമടയിൽ ചെയ്ത കുറ്റകൃത്യങ്ങൾ മറച്ചുവയ്ക്കുന്നതിനുള്ള ശ്രമമാണ് ഈ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി പ്രോഗ്രാമിന് പിന്നിലുള്ളതെന്ന് വ്യക്തമാക്കുന്ന ഒരുപാട് വസ്തുതകളുണ്ട്. പ്ലാച്ചിമട സമരം തുടങ്ങി ഇത്രകാലവും ആ സമരത്തെ പലതരത്തിൽ പ്രതിരോധിക്കുന്നതിനാണ് കൊക്കക്കോള ശ്രമിച്ചിട്ടുള്ളതെന്ന് കാണാം. ആദ്യം പ്രത്യക്ഷത്തിലായിരുന്നെങ്കിൽ പിന്നീടത് പിൻവാതിലൂടെയായി. ചില സർക്കാർ ഏജൻസികളെ വിലയ്ക്കെടുത്ത് തങ്ങൾക്കനുകൂലമായ റിപ്പോർട്ടുകൾ നേടിയെടുക്കാനായിരുന്നു തുടക്കത്തിൽ കോളയുടെ പരിശ്രമമെങ്കിൽ അടുത്ത ഘട്ടത്തിൽ സർക്കാരുകളെ തന്നെ വിലയ്ക്കെടുക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. പക്ഷെ സമരത്തെ മാത്രമാണ് അവർക്ക് ഒരുകാലത്തും കീഴ്പ്പെടുത്താൻ കഴിയാതിരുന്നത്. അക്കാരണത്താൽ കൊക്കക്കോളയ്ക്ക് പ്ലാച്ചിമടയിൽ നിരന്തരമായി പരാജയപ്പെടേണ്ടിവന്നു. ചരിത്രത്തിലാദ്യമായി കൊക്കക്കോളയ്ക്ക് ഒരു പ്ലാന്റ് അടച്ചിടേണ്ട സാഹചര്യം വന്നു. നിയമതർക്കങ്ങളുന്നയിച്ച് കോടതിയിലൂടെ അതിൽ വിജയിക്കാൻ നടത്തിയ ശ്രമങ്ങളും കോളയെ രക്ഷിച്ചില്ല. മലിനീകരണ നിയന്ത്രണ ബോർഡും ഭൂജലവകുപ്പും അടക്കമുള്ള സർക്കാർ ഏജൻസികളും പലപ്പോഴും കോളയുടെ ചെയ്തികൾക്ക് എതിരായി നിന്നു. ഒടുവിൽ സർക്കാർ തന്നെ നിയോഗിച്ച ഉന്നതാധികാര സമിതി കൊക്കക്കോള കുറ്റം ചെയ്തതായി കണ്ടെത്തുകയും അതിന് നഷ്ടപരിഹാരമായി 216 കോടി രൂപ ഈടാക്കണമെന്ന് കണക്കാക്കുകയും അതിനുവേണ്ടി ഒരു ട്രിബ്യൂണൽ രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. സമരത്തിന്റെ ശക്തി കൊണ്ട്, ട്രിബ്യൂണൽ രൂപീകരിക്കുന്നതിനായി ഒരു നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. ഇതെല്ലാം കൊക്കക്കോളയ്ക്ക് തുടർച്ചയായ ക്ഷീണമുണ്ടാക്കിയ സംഗതികളായിരുന്നു. തങ്ങളുടെ കുറ്റകൃത്യങ്ങൾ ഒരു പ്രത്യേക കോടതിയ്ക്ക് മുന്നിൽ വിചാരണയ്ക്ക് വരാൻ പോകുന്നു എന്നത് ഒരു ബഹുരാഷ്ട്ര കോർപ്പറേറ്റ് കമ്പനി എന്ന നിലയിൽ അവർക്ക് ആഗോളതലത്തിൽ ഒരു തിരിച്ചടിയായി മാറി. ഏതുവിധേനെയും നഷ്ടപരിഹാര ട്രിബ്യൂണൽ യാഥാർത്ഥ്യമാകുന്നത് തടയുക എന്നതായി അവരുടെ അടുത്ത ലക്ഷ്യം. കൊക്കക്കോളയെ ഇക്കാര്യത്തിൽ സഹായിക്കാൻ സന്നദ്ധരായിട്ടുവർ ബിൽ ഐക്യകണ്ഠേന അവതരിപ്പിക്കപ്പെട്ട കേരള നിയമസഭയിൽ തന്നെയുണ്ടായിരുന്നു. അതുകൊണ്ടു തന്നെ സംസ്ഥാനത്തിന്റെ അധികാരപരിധിക്കുള്ളിൽ നിന്നും നിയമമായി മാറാൻ കഴിയുമായിരുന്ന ഒരു ബില്ല് പല തിരിമറികളുടെയും ഫലമായി കേന്ദ്രത്തിന്റെ അനുമതിക്കായി അയയ്ക്കപ്പെട്ടു. അതോടെ കൊക്കക്കോളയ്ക്ക് കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമായി. യു.പി.എയും എൻ.ഡി.എയും കേന്ദ്രം ഭരിച്ചപ്പോൾ ബിൽ അട്ടിമറിക്കപ്പെടുന്നതിനുള്ള എല്ലാ സഹായവും ഭരണതലത്തിൽ നിന്നുതന്നെ കൊക്കക്കോളയ്ക്ക് ലഭിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രിമാർ പലതവണ മാറി വന്നിട്ടും രാഷ്ട്രപതിയുടെ അനുമതിക്കായി ബില്ല് നീക്കാൻ ആർക്കും കഴിഞ്ഞില്ല. കൊക്കക്കോളയാകട്ടെ ഈ സമയത്തിനിടയൽ ബില്ലിനെതിരായി വലിയ തരത്തിലുള്ള ലോബിയിംഗ് കേന്ദ്ര ഭരണത്തിൽ നടത്തി. പ്രമുഖരായ പല അഭിഭാഷകരെയും അണിനി

രത്തി സങ്കീർണ്ണമായ നിയമ പ്രശ്നങ്ങൾ ബില്ലിനെതിരെ അവതരിപ്പിച്ചു. കൊക്കക്കോളയുടെ ആ അഭിഭാഷകരിൽ ഒരാളായിരുന്ന കെ.കെ. വേണുഗോപാൽ പിന്നീട് കേന്ദ്ര അറ്റോർണി ജനറലായി നിയമിക്കപ്പെടുകയും ചെയ്തു.

പ്ലാച്ചിമട സമരം പലതരത്തിൽ കോളയുടെ ഈ കുതന്ത്രങ്ങൾക്ക് തടയിടാൻ ശ്രമിച്ചെങ്കിലും ചങ്ങാത്ത മുതലാളിത്തത്തിന്റെ നികൃഷ്ട നീക്കങ്ങൾക്ക് മുന്നിൽ അതെല്ലാം പരാജയപ്പെടുകയായിരുന്നു. ഒടുവിൽ, പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ഗവർണർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം കത്തയച്ചു. നീതിന്യായ മന്ത്രാലയവുമായി നടത്തിയ ചർച്ചയിലും ഇന്ത്യയുടെ സോളിസിറ്റർ ജനറലിൽ നിന്ന് കിട്ടിയ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ബില്ല് പാസ്സാക്കാൻ സംസ്ഥാന നിയമസഭക്ക് അധികാരമില്ലെന്ന് കൊക്കക്കോളയ്ക്ക് വേണ്ടി കേന്ദ്രം വിധിയെഴുതി. 2015 നവംബറിൽ രാഷ്ട്രപതി അനുമതി നിഷേധിച്ചതായി ചൂണ്ടിക്കാണിച്ചുകൊണ്ട് പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ കേരളത്തിലേക്ക് തിരികെ അയച്ചു. 2011 ഫെബ്രുവരി 23ന് കേരള നിയമസഭ ബിൽ പാസാക്കിയ ദിവസം മുതൽ കൊക്കക്കോള നടത്തിയ കരുനീക്കങ്ങൾക്ക് വിജയമുണ്ടായി. നാല് വർഷത്തിലധികം പലതരം സമരങ്ങളിലൂടെ ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കുന്നതിനായി ശ്രമിച്ചെങ്കിലും സമരസമിതിയുടെ ശ്രമങ്ങൾക്ക് അക്കാര്യത്തിൽ ഒരു തിരിച്ചടിയുണ്ടായി. കോർപ്പറേറ്റ് ഭീമന്റെ വ്യവഹാര സൂത്രങ്ങൾക്ക് മുന്നിൽ അതുവരെ പിടിച്ചുനിന്ന പ്ലാച്ചിമട സമരത്തിന് ചെറുതായി ഒന്ന് കാലിടറി.


### വീണ്ടും വാഗ്ദാനം, വീണ്ടും വഞ്ചന

2016ൽ അസംബ്ലി തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും സമര സമിതിക്ക് അൽപ്പം പ്രതീക്ഷ നൽകി. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് യാഥാർത്ഥ്യമാക്കുമെന്ന് എൽ.ഡി.എഫിന്റെ പ്രകടന പത്രികയിൽ അവർ പറയുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്ലാച്ചിമട സമര സമിതി ആ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തെ പിന്തുണയ്ക്കുക പോലും ചെയ്തു. പക്ഷെ പിണറായി വിജയനെ മുഖ്യമന്ത്രിയായി തെരഞ്ഞെടുത്ത് ഇടതുമുന്നണി സർക്കാർ അധികാരത്തിലെത്തിയ ശേഷം നടന്ന സംഭവങ്ങൾ എൽ.ഡി.എഫിനെ പിന്തുണച്ച സമരസമിതിക്ക് വലിയ ക്ഷീണമാണുണ്ടാക്കിയത്. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണലിലെ വിഷയം 2010ലെ ഗ്രീൻ ട്രിബ്യൂണലിന്റെ പരിധിയിൽ വരുന്നതിനാൽ സംസ്ഥാന നിയമസഭക്ക് ബില്ല് പുനരവതരിപ്പിക്കാൻ കഴിയില്ലെന്ന് നിയമോപദേശം ലഭിച്ചതായി അന്നത്തെ ജലവിഭവ വകുപ്പ് മന്ത്രി മാത്യു. ടി തോമസ് പതിനാലാം നിയമസഭയുടെ നാലാം സമ്മേളനത്തിൽ പറഞ്ഞത് ഞെട്ടലോടെയാണ് പ്ലാച്ചിമടക്കാർ കേട്ടത്. ബില്ല് പുനരവതരിപ്പിക്കാൻ കഴിയില്ലെന്ന് ഇടതുസർക്കാർ ഉറപ്പിച്ചു പറഞ്ഞു. കേന്ദ്രത്തിന്റെ അനുമതിക്കായി അയച്ച ബില്ല് അവിടെ നിന്നും തിരിച്ചയയ്ക്കുന്നതിന് പിന്നിൽ തീർച്ചയായും കൊക്കക്കോളയുടെ കൈകളുണ്ടായിരുന്നു. പലപ്പോഴായി പല രൂപത്തിൽ അത് വെളിപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ ബില്ല് യാഥാർത്ഥ്യമാക്കുമെന്നും ഇരകൾക്ക് നഷ്ടപരിഹാരം നൽകുമെന്നും മാനിഫെസ്റ്റോയിൽ പറഞ്ഞ് അധികാരത്തിലെത്തിയ ഇടതുസർക്കാർ ഒരൊറ്റ വർഷത്തിനുള്ളിൽ ആ വാഗ്ദാനത്തിൽ നിന്നും പിന്നോട്ടുപോയത് എന്തുകൊണ്ടാണ്? തീർച്ചയായും കൊക്കക്കോളയുടെ സ്വാധീനം തന്നെയാണ് അതിന് പിന്നിലെന്ന് വ്യക്തമാക്കുന്നതാണ് ഈ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി പദ്ധതിയുടെ പിന്നിൽ നടക്കുന്ന അണിയറ പ്രവർത്തനങ്ങൾ. കൊക്കക്കോളയ്ക്ക് ആഗോള സമൂഹത്തിന് മുന്നിൽ പ്ലാച്ചിമടയിൽ അവർ ചെയ്ത കുറ്റകൃത്യങ്ങൾ മറച്ചുവയ്ക്കണമായിരുന്നു. സുസ്ഥിരതയുടെ മുഖംമൂടിയണിഞ്ഞ് കൊടുംകൊള്ളയുടെ മുൻകാല കഥകളെ അദൃശ്യമാക്കണമായിരുന്നു. ആ ഗൂഢനീക്കങ്ങൾക്ക് എല്ലാവിധ സഹായങ്ങളും ചെയ്യുന്നത് മറ്റാരുമല്ല, കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണ്.

### എന്താണ് പിണറായിയുടെ റോൾ?

പ്ലാച്ചിമടയിലെ 34 ഏക്കർ ഭൂമിയിൽ സാമൂഹ്യക്ഷേമ പദ്ധതികൾ തുടങ്ങാനുള്ള അനുമതിക്കായി പഞ്ചായത്തിന് കൊക്കക്കോള അപേക്ഷ സമർപ്പിക്കുകയുണ്ടായി. അപേക്ഷയിൽ തീരുമാനമാകുന്നതിന് മുമ്പുതന്നെ കൊക്കക്കോള പല നിർമ്മാണ പ്രവർത്തനങ്ങളും അവിടെ തുടങ്ങുയും ചെയ്തിരുന്നു. അപേക്ഷയിൽ തീരുമാനമെടുക്കാൻ പഞ്ചായത്ത് അൽപ്പം മടിച്ചു. ഇക്കാര്യം ചർച്ചചെയ്യുന്നതിനായി വിളിച്ചുചേർത്ത ഭരണസമിതി യോഗം ജലാധിഷ്ഠിത പദ്ധതികളല്ലെങ്കിൽ അനുമതി നൽകാം എന്ന ഒരു നിലപാടിലാണ് എത്തിച്ചേർന്നത്. ജനോപകാരപ്രദമായ നിരവധി പദ്ധതികളുണ്ട് എന്നതിനാൽ പഞ്ചായത്തിന് അനുമതി നൽകുന്നതിൽ തടസ്സമില്ലെന്നും സർക്കാർ അക്കാര്യം തീരുമാനിക്കട്ടെ എന്നും പെരുമാട്ടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. സുരേഷ് മാദ്ധ്യമങ്ങളോട് പറയുകയുമുണ്ടായി. അങ്ങനെ ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടാകാതെ നീണ്ടുപോയ സാഹചര്യത്തിലാണ്

➪ *വിക്കിലീക്സ് പുറത്തുവിട്ട രേഖയായിരുന്നു അതിൽ ഏറ്റവും പ്രധാനപ്പെട്ട തെളിവ് പുറത്തുകൊണ്ടുവന്നത്* ➪



2017 ഡിസംബർ 5ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ വച്ച് കൊക്കക്കോളയുടെ പ്രതിനിധികളുമായി പിണറായി വിജയൻ സി.എസ്.ആർ പദ്ധതിയുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നു. (വിവരാവകാശ നിയമപ്രകാരം ലഭിച്ച രേഖയിൽ നിന്നും).

മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ട് ഒരു സർവ്വകക്ഷിയോഗം വിളിക്കാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടുന്നത്. 2019 ആഗസ്റ്റ് 19ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശാന്തകുമാരിയുടെ അദ്ധ്യക്ഷതയിൽ പെരുമാട്ടി എ.എസ് ഓഡിറ്റോറിയത്തിൽ വച്ച് സർവ്വകക്ഷി യോഗം നടന്നു. ജില്ലാ പഞ്ചായത്ത് മെമ്പർമാർ, കൊല്ലങ്കോട്, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കുടുംബശ്രീ ജില്ല മിഷൻ കോ-ഓർഡിനേറ്റർ, പെരുമാട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവരായിരുന്നു സർവ്വകക്ഷി യോഗത്തിലെ സാന്നിധ്യം. ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് അസോസിയേറ്റ് വൈസ് പ്രസിഡന്റ് അജയ്കുമാർ, നാഷണൽ മാനേജർ കെ.കെ. ജോസഫ് എന്നിവരാണ് സി.എസ്.ആർ പദ്ധതിയെക്കുറിച്ച് യോഗത്തിൽ വിശദീകരിച്ചത്. തുടർന്ന് നടന്ന ചർച്ചയിൽ പൊതുവിൽ ഉണ്ടായ വികാരം പ്രദേശവാസികൾക്ക് സംഭവിച്ച നഷ്ടം നികത്തിയ ശേഷം മാത്രമേ ഇക്കാര്യം തീരുമാനിക്കാൻ കഴിയൂ എന്നതായിരുന്നു.

രാവിലെ 10.30ന് തുടങ്ങിയ യോഗം ഉച്ചയ്ക്ക് 12.30ന് അവസാനിപ്പിക്കുമ്പോൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഇങ്ങനെയാണ് മിനിട്ട്സ് ഉപസംഹരിച്ചത്, "അവതരിപ്പിക്കപ്പെട്ട പ്രോജക്ടിന്റെ മേൽ വേണ്ടതാണോ എന്നതിനെ സംബന്ധിച്ച് പൊതുവെ ആരും അഭിപ്രായം പറഞ്ഞില്ല. മറിച്ച് നഷ്ടപരിഹാരം നൽകിയതിന് ശേഷം മാത്രമേ പദ്ധതിയെക്കുറിച്ച് ആലോചിക്കാൻ പറ്റൂ എന്ന അഭിപ്രായമാണ് പൊതുവെ രേഖപ്പെടുത്തിയത്. രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്ത മറ്റുള്ളവരും ഉന്നയിച്ച അഭിപ്രായങ്ങൾ റിപ്പോർട്ടാക്കി സർക്കാരിന് സമർപ്പിക്കും." അങ്ങനെ സർവ്വകക്ഷിയോഗത്തിലും കൊക്കക്കോളയുടെ കാര്യത്തിൽ ഒരു തീരുമാനമുണ്ടായില്ല. 18 വർഷമായി സമരം തുടരുന്ന പ്ലാച്ചിമട സമരസമിതിയെ സർവ്വകക്ഷിയോഗത്തിലേക്ക് ക്ഷണിച്ചില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക.

സാമൂഹ്യക്ഷേമ പദ്ധതികളുടെ കാര്യത്തിൽ വേഗത്തിൽ നടപടികളുണ്ടാകുന്നതിന് അതിയായ താത്പര്യമെടുക്കുന്നത് മുഖ്യമന്ത്രിയുടെ ഓഫീസാണ്. പിണറായി വിജയന് കൊക്കക്കോളയുമായുള്ള ബന്ധം അറിയുന്നവർ ഈ താത്പര്യത്തിൽ അത്ഭുതമുണ്ടാകില്ല. ഇതുവരെ പ്ലാച്ചിമട സമരത്തിൽ പങ്കുചേർന്നിട്ടില്ലാത്ത കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഏറ്റവും ഉന്നതനായ നേതാവ് അദ്ദേഹം മാത്രമായിരിക്കും. അതും അദ്ദേഹം പ്രതിനിധീകരിക്കുന്ന പാർട്ടിയും പല പാർട്ടി നേതൃത്വങ്ങളും പലപ്പോഴും പ്ലാച്ചിമട സമരത്തെ പിന്തുണച്ചിട്ടുപോലും പിണറായി വിജയൻ അക്കാര്യത്തിൽ ഒരിക്കൽപ്പോലും താത്പര്യമെടുത്തില്ല. മാത്രമല്ല, പലപ്പോഴും കൊക്കക്കോളയെപ്പോലുള്ള കോർപ്പറേറ്റ് സംരംഭകർക്ക് അനുകൂലമായ നിലപാട് അദ്ദേഹം ആവർത്തിച്ചിട്ടുമുണ്ട്. വിക്കിലീക്സ് പുറത്തുവിട്ട രേഖയായിരുന്നു അതിൽ ഏറ്റവും പ്രധാനപ്പെട്ട തെളിവ് പുറത്തുകൊണ്ടുവന്നത്. ചെന്നൈയിലെ അമേരിക്കൻ എംബസി ഉദ്യോഗസ്ഥരുമായി പിണറായി വിജയൻ സംസാരിച്ചതിന്റെ രഹസ്യ വിവരമാണ് 2011 ആഗസ്റ്റിൽ വിക്കിലീക്സ് പുറത്തുവിട്ടത്. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ കേരള നിയമസഭ ഐക്യകണ്ഠേന പാസ്സാക്കിയതിന് ശേഷമാണ് ഈ വെളിപ്പെടുത്തൽ പുറത്തുവരുന്നത് എന്നോർക്കണം. അമേരിക്കയിൽ നിന്നുള്ള എംബസി ഉദ്യോഗസ്ഥരുമായി വിദേശനിക്ഷേപത്തിന്റെ കാര്യത്തിൽ നടന്ന ചർച്ചയിൽ പാർട്ടിയുടെ നയങ്ങൾക്കും പരിപാടികൾക്കും അനുസൃതമായാണ് താനടക്കമുള്ള നേതാക്കൾ അഭിപ്രായ പ്രകടനങ്ങൾ നടത്തിയതെന്നും, പ്ലാച്ചിമടയിൽ കൊ

Hon'ble Chief Minister
North Block,
Government Secretariat,
Thiruvananthapuram,
Kerala

Kind Attn: Mr. Pinarayi Vijayan

Dear Sir,

Thank you for the kind courtesy extended to us during our visit to your office on 5th December 2017 and giving us an opportunity to share with you various initiatives taken by the company in and around villages surrounding our operations / manufacturing facilities towards water replenishment, agriculture, health, sanitation, education and skill building.

കൂടിക്കാഴ്ചയ്ക്ക് അവസരം നൽകിയതിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് മുഖ്യമന്ത്രിക്ക് കൊക്കക്കോള കൈമാറിയ കത്ത്. (വിവരാവകാശ നിയമപ്രകാരം ലഭിച്ച രേഖയിൽ നിന്നും).

ക്കക്കോള കമ്പനി നേരിടുന്ന പ്രശ്നങ്ങൾ കാരണം മറ്റ് അമേരിക്കൻ കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്തുന്നതിൽ നിന്ന് പിൻവാങ്ങരുതെന്നുമാണ് നിലപാടെന്നും വിവാദത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം അന്ന് മാദ്ധ്യമങ്ങളോട് ആവർത്തിക്കുകയുണ്ടായി. സി.പി.എം സംസ്ഥാന സെക്രട്ടറിയും പോളിറ്റ് ബ്യൂറോ മെമ്പറും ആയിരുന്നു അന്ന് പിണറായി വിജയൻ. സ്വാഭാവികമായും മുഖ്യമന്ത്രിയായി അദ്ദേഹം വരുമ്പോൾ ആ നിലപാടുകൾ ആവർത്തിക്കപ്പെടുക തന്നെ ചെയ്യും. അതുകൊണ്ടാണ് കൊക്കക്കോളയുടെ സി.എസ്.ആർ പദ്ധതിക്ക് എല്ലാത്തരത്തിലുള്ള സഹായവുമായി മുഖ്യമന്ത്രി മുന്നിൽ നിൽക്കുന്നത്.

### കൊക്കക്കോളയും മുഖ്യമന്ത്രിയുടെ ഓഫീസും

പ്ലാച്ചിമട സമരത്തെ ഒരിക്കൽപോലും അഭിസംബോധന ചെയ്തിട്ടില്ലാത്ത പിണറായി വിജയന് കൊക്കക്കോളയുടെ പ്രതിനിധികളുമായി മുഖ്യമന്ത്രിയുടെ വച്ച് കൂടിക്കാഴ്ച നടത്തി സി.എസ്.ആർ പദ്ധതിയെക്കുറിച്ച് ചർച്ചചെയ്യാൻ മടിയില്ലാത്തതും ഇക്കാരണത്താൽ തന്നെയാണ്. അതെ, ഈ സി.എസ്.ആർ സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് ഏറ്റവും ഗൗരവത്തോടെ പരിഗണിക്കേണ്ട ഒരു കാര്യം അതുതന്നെയാണ്. 2017 ഡിസംബർ 5ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ വച്ച് കൊക്കക്കോളയുടെ പ്രതിനിധികളുമായി പിണറായി വിജയൻ ഈ കാര്യങ്ങൾ ചർച്ച ചെയ്തു എന്നാണ് വിവരാവകാശ രേഖകൾ വ്യക്തമാക്കുന്നത്, ചിത്രങ്ങളടക്കം. ഇതേവർഷം ഏപ്രിൽ 22ന് ആണ് പ്ലാച്ചിമട സമരത്തിന്റെ 15-ാം വാർഷികദിനത്തിൽ പാലക്കാട് കളക്ട്രേറ്റിന് മുന്നിൽ സമരസമിതി അനിശ്ചിതകാല സത്യാഗ്രഹ സമരം ആരംഭിച്ചത്. സമരം കുറേ നാളുകൾ നീണ്ടുപോയ ശേഷം, 2017 ജൂൺ 15ന് ആണ് പ്ലാച്ചിമട സമരസമിതിയുമായി ചർച്ച നത്താൻ മുഖ്യമന്ത്രി തയ്യാറായത്. മൂന്ന് മാസത്തിനുള്ളിൽ സമരം ഉന്നയിച്ച ആവശ്യങ്ങൾക്ക് പരിഹാരം കാണാം എന്ന് സമരസമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം കൊക്കക്കോളയെ കുറ്റവിചാരണ ചെയ്യുക എന്നതും നഷ്ടപരിഹാരം ഈടാക്കുക എന്നതുമായിരുന്നു. ആ ഉറപ്പിനെ തുടർന്നാണ് 2017 ജൂൺ 17ന് അനിശ്ചിതകാല സത്യാഗ്രഹ സമരം അവസാനിപ്പിക്കുന്നത്. ഓർക്കുക, അന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നത് മൂന്ന് മാസമായിരുന്നു. എന്നാൽ അക്കാര്യത്തിൽ ചെറുവിരലനക്കാൻ പോലും തയ്യാറല്ലാതിരുന്ന മുഖ്യമന്ത്രി ആറ് മാസത്തിനുള്ളിൽ, 2017 ഡിസംബർ 5ന് കൊക്കക്കോളയുടെ പ്രതിനിധികളുമായി ഓഫീസിൽ വച്ച് കൂടിക്കാഴ്ച നടത്തുകയായിരുന്നു. കൊക്കക്കോളയ്ക്ക് കൊടുത്ത വാഗ്ദാനങ്ങൾ പാലിക്കുന്നതിനായി കടലാസുകൾ വേഗം നീങ്ങി. മുന്നിലെത്തുന്ന ഓരോ ഫയലിലും ജീവിതമാണുള്ളതെന്ന് സ്വന്തം ഉദ്യോഗസ്ഥരെ ഇടയ്ക്കിടെ ഓർമ്മിപ്പിക്കാറുള്ള മുഖ്യൻ, ഏറെ ജീവിതങ്ങളുള്ള പ്ലാച്ചിമട സമരസമിതിയുടെ ഫയലുകളെ ചവറ്റുകൊട്ടയിലേക്ക് തള്ളിനീക്കി. കൊക്കക്കോളയെ പ്ലാച്ചിമടയിലേക്ക് പുനരാനയിക്കാനുള്ള നീക്കങ്ങൾക്ക് സ്വന്തം ഓഫീസ് കേന്ദ്രീകരിച്ച് അദ്ദേഹം എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുകയാണ്. കൊക്കക്കോളയുടെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള സർവ്വകക്ഷിയോഗം പോലും മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ട പ്രകാരമാണല്ലോ വിളിച്ചുചേർക്കപ്പെട്ടത്. മാവോയിസ്റ്റ് വേട്ടയ്ക്കും യു.എ.പി.എ

പ്രയോഗത്തിനുമെല്ലാം പോലീസിന് അമിതാധികാരം നൽകി നിയമവാഴ്ച നല്ലപോലെ ഉറപ്പുവരുത്തകയാണെന്ന് പറയുന്ന പിണറായി വിജയൻ കൊക്കക്കോള പോലെ ഒരു കോർപ്പറേറ്റ് കമ്പനി ചെയ്ത കുറ്റകൃത്യങ്ങൾ എത്ര അനായാസമാണ് കണ്ടില്ലെന്ന് നടിക്കുന്നത്. ഉന്നതാധികാര സമിതിയുടെ കണ്ടെത്തൽ പ്രകാരം കൊക്കക്കോള താഴെ പറയുന്ന വകുപ്പുകൾ പ്രകാരം ക്രിമിനിൽ നടപടിക്ക് വിധേയമാകേണ്ടതുണ്ട്.

1)The Environment (Protection) Act ,1986
2) The Factories Act, 1948
3) Hazardous Waste (Management and Handling) Rules , 1989
4) Indian Penal Code
5) Land Utilization Order, 1967
6) The Kerala Ground Water (Control & Regulation) Act, 2002
7) Indian Easement Act, 1882.

ഈ നിയമങ്ങൾ പ്രകാരം കൊക്കക്കോള കമ്പനിക്കെതിരെ നടപടിയെടുക്കുന്നതിന് ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാകേണ്ടതൊന്നുമില്ല. നിലവിലുള്ള നിയമസംവിധാനങ്ങളിലൂടെ തന്നെ അതിന് കഴിയും. പക്ഷെ, ഇച്ഛാശക്തിയുള്ള ഒരു ഭരണകൂടമുണ്ടാകണം എന്നു മാത്രം. കേരളത്തിൽ ഇല്ലാതെ പോയതും അതാണ്. സൈനീകവത്കരിക്കപ്പെട്ട പോലീസാണ് പിണറായി വിജയനെ സംബന്ധിച്ച് നിയമവാഴ്ചയുടെ മുഖമുദ്ര. ആഗോളമായി തീവ്രവലതുപക്ഷ സർക്കാരുകൾ സ്വീകരിക്കുന്ന അതേ സമീപനം. കോർപ്പറേറ്റ് വാഴ്ചയ്ക്ക് കുടപിടിക്കുക എന്നതായി മാറിയിരിക്കുന്നു ഇടതുപക്ഷത്തിന്റെ പോലും നിയോഗം. കേരളത്തെ 'നിക്ഷേപ സൗഹൃദം' എന്ന നവലിബറൽ വികസന സങ്കൽപ്പത്തിലേക്ക് എത്തിക്കുന്നതിന് പ്രാമുഖ്യം കൊടുത്തുകൊണ്ടിരിക്കുന്ന ഒരു സർക്കാരിൽ നിന്നും മുഖ്യമന്ത്രിയിൽ നിന്നും ഇതിലേറെയൊന്നും പ്രതീക്ഷിക്കാനില്ല.

### എസ്.സി/എസ്.ടി കേസ് ആരാണ് ദുർബലമാക്കുന്നത്?

ഈ നിയമങ്ങളൊക്കെ അട്ടിമറിക്കപ്പെട്ടതിനേക്കാൾ വലിയൊരു ചതി പ്ലാച്ചിമടയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരം കൊക്കക്കോളയ്ക്കെതിരെ ചുമതപ്പെട്ട കേസിന്റെ അട്ടിമറിയാണ് സംഭവം. കൊക്കക്കോള കമ്പനി ബോധപൂർവ്വം തങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ മലിനീകരിച്ചതായും പട്ടിക ജാതി-പട്ടിക വർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കമ്പനിയുടെ മേലുദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടികൾ കൈക്കൊള്ളണമെന്നും കമ്പനിക്ക് പ്ലാച്ചിമടയിലും കൊച്ചിയിലുമുള്ള വസ്തുവകകൾ കണ്ടുകെട്ടണമെന്നും ആവശ്യപ്പെട്ട് പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിന് തങ്കവേലു പരാതി നൽകിയിട്ട് നാല് വർഷം കഴിഞ്ഞിരിക്കുകയാണ്. മീനാക്ഷിപുരം പോലീസ് ഈ കേസിനെ വഴിതിരിച്ചുവിടാൻ പല തരത്തിലും ശ്രമിച്ചെങ്കിലും സമരപ്രവർത്തകരുടെ ജാഗ്രതയും ഇടപെടലുകളും കാരണം ഒടുവിൽ 2016 ജൂൺ 9ന് അവർക്ക് എഫ്.ഐ.ആർ (നമ്പർ 308) ഫയൽ ചെയ്യേണ്ടി വന്നു. എന്നാൽ എഫ്.ഐ.ആർ തയ്യാറാക്കിയിട്ടും കൊക്കക്കോള കമ്പനി അധികൃതരെ നിയമം അനുശാസിക്കുന്ന രീതിയിൽ അറസ്റ്റ് ചെയ്യുന്നതിനോ ചോദ്യം ചെയ്യുന്നതിനോ പോലീസ് ഇതുവരെ തയ്യാറായിട്ടില്ല. ഇപ്പോൾ മണ്ണാർക്കാട് എസ്.എസി/എസ്.ടി പ്രത്യേക കോടതിയിൽ നടക്കുന്ന ഈ കേസിന്റെ വാദത്തെ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് വൈകിപ്പിക്കുന്നതിനാണ് പോലീസ് ആദ്യം ശ്രമിച്ചത്. കേസ് പരിഗണിച്ച കോടതി പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പാലക്കാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിരുന്നു. പാലക്കാട് ഡിവൈഎസ്പി 2019 സെപ്തംബർ 26ന് കോടതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് കേസിനെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള ഒന്നായിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ പറയുന്ന പ്രകാരം, ഡിവൈഎസ്പിയുടെ നിർദ്ദേശത്തെ തുടർന്ന് 2019 ജൂൺ 25ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ എൻവിയോൺമെന്റ് എഞ്ചിനീയർ പ്ലാച്ചിമട-വിജയനഗർ കോളനിയിലെ പൊതു കിണറുകളും കേസിൽ കക്ഷികളായിരുന്ന തങ്കവേലു, ശിവസ്വാമി എന്നിവരുടെ കിണറുകളും പരിശോധിച്ചിരുന്നു. വിശദമായ ഘനലോഹ പരിശോധനയിൽ ഈ കിണറുകളിലെ വെള്ളത്തിന്റെ സാമ്പിളിൽ ക്രോമിയത്തിന്റെ അളവ് അനുവദനീയ പരിധിയേക്കാൾ കൂടുതലാണ് എന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ 2017 ജൂൺ 12ന് ഇതേ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി, ഇതേ കിണറുകളിൽ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ ഘനലോഹ സാന്നിധ്യം അനുവദനീയമായ പരിധിക്കുള്ളിൽ ആയിരുന്നു. 2017ലെയും 2019ലെയും ഒരേ സാമ്പിളുകളിൽ കാണുന്ന ഘനലോഹങ്ങളുടെ അളവിലെ വ്യതിയാനം സ്ഥലത്തിന്റെ 'ജിയോളജിക്കൽ ഫീച്ചേഴ്സ്' മൂലമാകാം എന്ന നിഗമനത്തിലാണ് മലിനീകരണ നിയന്ത്രണ ബോർഡ് എത്തിയത്. അതുകൊണ്ട് ഡിവൈഎസ്പിയുടെ റിപ്പോർട്ടും ആ

രീതിയിലാണ് അന്വേഷണത്തെ സംഗ്രഹിച്ചിരിക്കുന്നത്. ''കിണറുകളിലെ ഘനലോഹത്തിന്റെ അളവിൽ കാണുന്ന വർദ്ധന കൊക്കക്കോളയുടെ പ്രവർത്തനത്തിന്റെ അനന്തരഫലമായി സംഭവിച്ചതാണെന്നോ അല്ലെന്നോ അസന്ദിഗ്ധമായി പറയാൻ കഴിയില്ല." മറ്റൊരു കാര്യം കൂടി ഡിവൈഎസ്പി പറയുന്നുണ്ട്, "കൊക്കക്കോള കമ്പനിയുടെ പ്രവർത്തനത്തിന് മുമ്പുള്ള പ്രദേശത്തെ കുടിവെള്ളത്തിന്റെ പരിശോധന റിപ്പോർട്ട് ലഭ്യമല്ലാത്തതിനാലും താരതമ്യപഠനം നടത്തി നിഗമനത്തിലെത്താൻ കഴിയുന്നില്ല.'' ചുരുക്കത്തിൽ ശാസ്ത്രീയമായ പഠനങ്ങളുടെ അഭാവം ഉണ്ട് എന്നതിനാലും മലിനീകരണ നിയന്ത്രണ ബോർഡ് എന്ന സർക്കാർ സംവിധാനം തന്നെ ഇക്കാര്യം വ്യക്തമാക്കുന്നതിനാലും പരാതിക്കാരുടെ ആരോപണം തെളിയിക്കാനാകുന്നില്ല എന്നാണ് ഡിവൈഎസ്പി കോടതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ ചുരുക്കം. മാത്രമല്ല, കുറ്റം ആരോപിക്കപ്പെട്ടിരിക്കുന്ന കൊക്കക്കോളയുടെ മാനേജർമാരായ വിനീത് കുമാർ കപില, എൻ. ജനാർദ്ദനൻ എന്നിവരെക്കുറിച്ച് ഒരു വിവരവും കിട്ടാത്തതിനാൽ ചോദ്യം ചെയ്യാൻ കഴിഞ്ഞില്ലെന്ന മുടന്തൻ ന്യായവും റിപ്പോർട്ടിൽ ഡിവൈഎസ്പി നിരത്തിയിട്ടുണ്ട്. എതിർകക്ഷികൾ എവിടെയാണെന്ന് കണ്ടെത്താൻ കഴിയാത്തവിധം അത്ര ദുർബലമാണോ കേരള പോലീസ്. 19 വയസ്സുള്ള അലൻ ഷുഹൈബ് എന്ന ചെറുപ്പക്കാരനെ 15 വയസു മുതൽ നിരീക്ഷിച്ച് മാവോയിസ്റ്റ് ബന്ധം 'വ്യക്തമായ' ശേഷം പിടികൂടുന്ന കേരള പോലീസിന്റെ വൈദഗ്ധ്യം എന്തുകൊണ്ടാണ് കൊക്കക്കോളയുടെ ഈ ഉദ്യോഗസ്ഥരെ കണ്ടെത്തി ചോദ്യം ചെയ്യുന്നതിൽ കാണിക്കാൻ കഴിയാത്തത്? ഇതിന് ഉത്തരം പറയാൻ ബാധ്യസ്ഥനായ ആൾ ആഭ്യന്തര മന്ത്രി പിണറായി വിജയൻ തന്നെയാണ്.

ഒരു ബഹുരാഷ്ട്ര കോർപ്പറേറ്റിനെതിരെ വളരെ അപൂർവ്വമായാണ് എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരം കേസ് ചുമത്തപ്പെടുന്നത്. എന്നിട്ടും അതിൽ കൃത്യമായ അന്വേഷണം നടത്താൻ പോലുമുള്ള ആർജ്ജവം പോലീസ് കാണിക്കാതിരിക്കുന്നത് സംശയാസ്പദമാണ്. മുഖ്യമന്ത്രി കൂടിയായ പോലീസ് മന്ത്രിയുടെ മുൻ നിലപാടുകൾ വച്ചുനോക്കിയാൽ ഇക്കാര്യത്തിലും അദ്ദേഹത്തിന്റെ സഹായം കൊക്കക്കോളയ്ക്കുണ്ടാകാനാണ് സാധ്യത. പ്ലാച്ചിമടയിലേക്ക് കമ്പനിയെ ക്ഷണിച്ചുകൊണ്ടുവന്ന നാളുകൾ മുതൽ കൊക്കക്കോളയും കേരളം ഭരിക്കുന്നവരും തമ്മിൽ ഇത്തരത്തിലുള്ള പിൻവാതിൽ സഹകരണങ്ങൾ പതിവാണെന്നാണ് കാണാൻ കഴിയുന്നത്. അതിന്റെ ഏറ്റവും വഷളായ രൂപമാണ് ക്രിമിനൽ കോളയ്ക്ക് സി.എസ്.ആർ പദ്ധതിയിലൂടെ മുഖം മിനുക്കാനുള്ള അവസരം നൽകുന്ന പിണറായി സർക്കാരിലൂടെ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

### നിലപാടില്ലാതെ വീണ്ടും കെ. കൃഷ്ണൻകുട്ടി

ഇക്കാര്യങ്ങളിൽ കൊക്കക്കോളയ്ക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കുന്ന മറ്റൊരാൾ കൂടി മന്ത്രിസഭയിലുണ്ട്. ജലവിഭവവകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി. പ്ലാച്ചിമട ഉൾപ്പെടുന്ന പ്രദേശത്തെക്കൂടി പ്രതിനിധീകരിക്കുന്ന നിയമസഭ സാമാജികനാണദ്ദേഹം. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ പുനരവതരിപ്പിക്കേണ്ടുന്നതിനെക്കുറിച്ച് തീരുമാനിക്കേണ്ട ജലവിഭവ വകുപ്പിന്റെ മന്ത്രിയായി കുറച്ച് നാളുകൾക്ക് മുമ്പാണ് അദ്ദേഹം ചുമതലയേൽക്കുന്നത്. പ്ലാച്ചിമട ഉൾപ്പെടുന്ന പെരുമാട്ടി പഞ്ചായത്ത് ഭരിക്കുന്നത് അദ്ദേഹത്തിന്റെ പാർട്ടിയായ ജനതാദൾ (എസ്) ആണ്. കൊക്കക്കോളയ്ക്കെതിരെ വലിയ നിയമപോരാട്ടങ്ങൾ നടത്തിയ പഞ്ചായത്ത്. ഇന്ന് ആ സ്ഥിതിയെല്ലാം മാറിമറിഞ്ഞിരിക്കുകയാണ്. സ്ഥലം എം.എൽ.എ കൂടിയായ മന്ത്രി കെ. കൃഷ്ണൻകുട്ടി, സമരം ഉന്നയിച്ച ആവശ്യങ്ങൾക്ക് ന്യായമായ പരിഹാരം കാണാൻ കഴിയുന്ന വകുപ്പ് ഭരിച്ചിട്ടും ഒരനക്കവും എവിടെയും ഉണ്ടാകുന്നില്ല. സമരം ശക്തമായി നടന്നിരുന്ന കാലത്തുതന്നെ കൊക്കക്കോളയ്ക്ക് അനുകൂലമായി നിന്ന ചരിത്രമാണ് കെ. കൃഷ്ണൻകുട്ടിക്കുള്ളത്. കൊക്കകോള കമ്പനിക്ക് ചിറ്റൂരിലുള്ള തന്റെ കൃഷിസ്ഥലത്തെ കിണറുകളിൽ നിന്ന് വെള്ളം വിറ്റിരുന്നതായി പെരുമാട്ടി പഞ്ചായത്ത് മുൻ പ്രസിഡൻറ് എ. കൃഷ്ണനോടൊപ്പം 2003 ആഗസ്ത് ഒന്നിന് നടത്തിയ പത്രസമ്മേളനത്തിൽ കൃഷ്ണൻകുട്ടി വെളിപ്പെടുത്തിയിട്ടുള്ള കാര്യം പ്ലാച്ചിമടക്കാർ മറന്നിട്ടില്ല. ഒരു ടാങ്കർ ലോറി വെള്ളത്തിന് 15 രൂപ വച്ച് കോളക്കമ്പനി കൊടുത്തിരുന്ന കാര്യം കൃഷ്ണൻകുട്ടി പറഞ്ഞത് 2003 ആഗസ്ത് 2ന്റെ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് ദിനപ്പത്രം റിപ്പോർട്ട് ചെയ്തിരുന്നു. കൊക്കക്കോളയ്ക്ക് വെള്ളം വിറ്റ് കാശുവാങ്ങിയിരുന്ന അതേ കെ. കൃഷ്ണൻകുട്ടി ജലവിഭവവകുപ്പ് മന്ത്രിയാകുമ്പോൾ സി.എസ്.ആർ പദ്ധതി പ്ലാച്ചിമടയിൽ വരുന്നതിൽ വലിയ അത്ഭുതമില്ല.

### പ്ലാച്ചിമടയിൽ വരാൻ പോകുന്നത് സി.എസ്.ആർ തന്നെയാണോ?

നാടു ഭരിക്കുന്നവരുടെ ഈ നിലപാടു കാരണം കൊക്കക്കോള നല്ല ആത്മവിശ്വാസത്തി

*➪ ശീതളപാനീയ വിപണിക്ക് ആവശ്യമായതുമായ ഉത്പാദനമാണ് അവിടെ രണ്ടാം ഘട്ടമായി നടക്കാൻ പോകുന്നത് ➪*

# Jain Irrigation bags Rs 750 cr mango pulp supply contract from Coca-Cola

The company has signed a 3-year contract for supply of mango pulp with Hindustan Coca-Cola Beverages Pvt Ltd (HCCBPL), the largest bottler of Coca-Cola in India

BS B2B Bureau | Mumbai
Last Updated at November 3, 2015 11:04 IST

3 10



Jain Irrigation Systems Ltd has signed a 3-year contract for supply of mango pulp with Hindustan Coca-Cola Beverages Pvt Ltd (HCCBPL), the largest bottler of Coca-Cola in India. The contract is valued at Rs 751 crore at current year's supply prices. This is the third consecutive 3-year contract executed with Jains.

മാങ്ങാ പൾപ്പ് കൊടുക്കുന്നതിനായി ജെയ്ൻ ഇറിഗേഷൻ സിസ്റ്റം ലിമിറ്റഡും കൊക്കക്കോളയും തമ്മിൽ 750 കോടി രൂപയുടെ മൂന്ന് വർഷത്തെ കോൺട്രാക്ട് ഒപ്പുവച്ചതിനെക്കുറിച്ച് 2015 നവംബർ 3ന് ബിസിനസ് സ്റ്റാൻഡേഡിൽ വന്ന വാർത്ത.

ലാണ്. സി.എസ്.ആർ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും അവർ ഊർജ്ജിതമാക്കിയിരിക്കുന്നു. പക്ഷെ കാരുണ്യത്തിന്റെ പേരുപറഞ്ഞ് വലിയൊരു ചതി കൂടി അവർ കേരളീയരോട് കാണിക്കാൻ പോവുകയാണ്. സാമൂഹ്യക്ഷേമം മറയാക്കി ലഭാധിഷ്ഠിതമായതും കൊക്കക്കോളയുടെ മുഖ്യ വ്യവസായമായ ശീതളപാനീയ വിപണിക്ക് ആവശ്യമായതുമായ ഉത്പാദനമാണ് അവിടെ രണ്ടാം ഘട്ടമായി നടക്കാൻ പോകുന്നത്. അതിനുമുണ്ട് നിരവധി തെളിവുകൾ. ജെയ്ൻ ഫാം ഫ്രഷ് ലിമിറ്റഡ് എന്ന പേരിൽ കൊക്കക്കോളയുമായി ചേർന്ന് പേരിൽ പ്ലാച്ചിമടയിൽ തോട്ടാപ്പുരി മാങ്ങ കൃഷി ചെയ്യാൻ പോകുന്ന കമ്പനി കൊക്കക്കോളയുടെ മാമ്പഴച്ചാർ പാനീയങ്ങൾക്ക് ആവശ്യമായ മാങ്ങാ പൾപ്പ് വിതരണം ചെയ്യുന്ന ഇന്ത്യയിലെ പ്രധാന കമ്പനിയാണ്. വളരെ പ്രത്യക്ഷമാണ് ഇവർ തമ്മിലുള്ള ഈ വാണിജ്യബന്ധം. പക്ഷെ കൊക്കക്കോള മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരിക്കുന്ന പ്രോജക്ട് റിപ്പോർട്ട് വായിച്ചാൽ അത് മനസ്സിലാകില്ല. എന്നാൽ എന്താണ് ഇവർ തമ്മിലുള്ള ബന്ധമെന്ന് കൂടുതൽ അന്വേഷിച്ചാൽ കോർപ്പറേറ്റ് കൊടുക്കൽ വാങ്ങലുകളുടെ നിരവധി തെളിവുകൾ നമുക്ക് മുന്നിലെത്തും. പല സംസ്ഥാനങ്ങളിലും കൊക്കക്കോളയുമായി ചേർന്ന് നടപ്പിലാക്കുന്ന 'ഉന്നതി' എന്ന പദ്ധതിയുടെ മാതൃകയിലാണ് ജെയ്ൻ ഫാം ഫ്രഷ് ഇവിടെ മാങ്ങാ കൃഷി നടത്താൻ പോകുന്നതെന്നാണല്ലോ പ്രോജക്ട് റിപ്പോർട്ടിൽ പറയുന്നത്. ഇക്കണോമിക് ടൈംസിൽ 2014 മെയ് 26ന് വന്ന വാർത്ത നോക്കാം. 'ഉന്നതി' പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്കായി കൊക്കക്കോളയും ജെയ്ൻ ഇറിഗേഷൻസും ചേർന്ന് പത്ത് വർഷത്തേക്ക് 10 കോടി രൂപ നിക്ഷേപിച്ചിരിക്കുന്നതായാണ് വാർത്തയിൽ പറയുന്നത്. അതല്ല വാർത്തയിലെ പ്രധാനഭാഗം. ഇതിനായുള്ള എം.ഒ.യു ഒപ്പുവച്ച ശേഷം ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ടി. കൃഷ്ണകുമാർ പറയുന്നു, "ഈ ഉദ്യമത്തിലൂടെ കർഷകർക്ക് ഉയർന്ന വരുമാനം പ്രദാനം ചെയ്യാൻ കഴിയുന്നതിനൊപ്പം കൊക്കക്കോളയുടെ ഇന്ത്യൻ പ്രോഡക്ടു

**Coca-Cola and Jain Irrigation to invest Rs 50 crore in Project Unnati Phase 2**

PUNE, 26th May 2014

Hindustan Coca–Cola Beverages Pvt. Ltd. (HCCBPL) and Jain Irrigation today announced plans to scale up their joint initiative Project Unnati with investments amounting to Rs 50 crore over a period of 10 years.

After achieving the desired results in Phase 1,HCCBPL made the announcement of scaling the initiative fivefold reaching 25000 farmers in Phase 2 at an investment of Rs 50 crore over next 10 years. The MOU was signed today by Mr. T. Krishnakumar, Chief Executive Officer, Hindustan Coca–Cola Beverages Pvt. Ltd and Mr. Anil Jain, Managing Director, Jain Irrigation Systems Ltd.

Speaking about the project, T. Krishnakumar, Chief Executive Officer, HCCBPL, said "Scaling up of the initiative in close association with farmers and Jain Irrigation will result in the correlation of an ecosystem that delivers higher growth and income for farmers and helps us streamline supply chain and enhance productivity for our Indian brands Maaza and Minute Maid Mango."

ഇക്കണോമക ടൈംസല 2014 മെയ 26ന വന്ന വാരത്തയല കൊക്കക്കോള ചീഫ എകസക്യൂട്ടീവ ഓഫീസര ടി. കൃഷണകുമാര, ജെയന ഫാം ഫ്രഷുമായുള്ള കോളയുടെ വ്യാപാരബന്ധത്തെക്കുറിച്ച് പറയുന്ന ഭാഗം.

⇨ ഇത് അവരുടെ തുടർച്ചയായ മൂന്നാമത്തെ മൂന്ന് വർഷ കോൺട്രാക്ട് ആണെന്നും വാർത്ത പറയുന്നു ⇨

കളായ മാസയ്ക്കും മിനിട്ട് മെയ്ഡ് മാംഗോയ്ക്കും ആവശ്യമായ മാമ്പഴം ഉയർന്ന തോതിൽ ലഭ്യമാകുകയും ചെയ്യും". അതുതന്നെയാണ് കൊക്കക്കോള 'ഉന്നതി'യിലൂടെ ലക്ഷ്യമാക്കുന്നതും. കൊക്കക്കോളയുടെ കച്ചവടത്തിന്റെ ഉന്നതിയാണ് അവർ ഉദ്ദേശിക്കുന്ന 'ഉന്നതി'. മറ്റൊരു ദേശീയ പത്രമായ ബിസിനസ് സ്റ്റാൻഡേഡിൽ 2015 നവംബർ 3ന് വന്ന വാർത്ത നോക്കാം. ആ വാർത്ത പ്രകാരം മൂന്ന് വർഷത്തേക്ക് 750 കോടി രൂപയുടെ കോൺട്രാക്ടാണ് മാങ്ങാ പൾപ്പ് കൊടുക്കുന്നതിനായി ജെയ്ൻ ഇറിഗേഷൻ സിസ്റ്റം ലിമിറ്റഡും കൊക്കക്കോളയും തമ്മിൽ ഒപ്പുവച്ചിരിക്കുന്നത്. ഇത് അവരുടെ തുടർച്ചയായ മൂന്നാമത്തെ മൂന്ന് വർഷ കോൺട്രാക്ട് ആണെന്നും വാർത്ത പറയുന്നു. ഈ വാർത്തയിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് കൊക്കക്കോളയ്ക്ക് മാങ്ങാ പൾപ്പ് നൽകുന്നതിനുള്ള 750 കോടി രൂപയുടെ കോൺട്രാക്ട് പീരീഡ് നിലനിൽക്കെയാണ് സി.എസ്.ആർ പദ്ധതിയുടെ പേരിൽ പ്ലാച്ചിമടയിൽ ജെയ്ൻ ഫാം ഫ്രഷുമായി ചേർന്ന്

കൊക്കക്കോളയ്ക്കും ജെയ്ൻ ഇറിഗേഷൻ ലിമിറ്റഡിനും ഒരുപോലെ ലാഭമുള്ള ഒരു വ്യവസായ സംരംഭമാണ് പ്ലാച്ചിമടയിൽ വരാൻ പോകുന്നത്. ഒന്നാംഘട്ടത്തിലെ ആരോഗ്യസംരക്ഷണ കേന്ദ്രവും, കരിയർ ഡവലപ്മെന്റ് സെന്ററും, വനിതാ ശാക്തീകരണവുമെല്ലാം ഒരു മറ മാത്രമാകും. കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി എന്ന പരിപാടിയുടെ തന്നെ വികൃതമായ ഒരു മുഖമാണ് ഇവിടെ അനാവൃതമാകുന്നത്.

മാങ്ങാ കൃഷി നടത്തുന്നതിനുള്ള പരിപാടിയുമായി കൊക്കക്കോള രംഗത്തുവരുന്നത്. ഇതേ കോൺട്രാക്ട് പീരീഡ് നിലനിൽക്കുന്ന സമയത്തുതന്നെയാണ് മുഖ്യമന്ത്രിയുമായി അദ്ദേഹത്തിൽ ഓഫീസിൽ വച്ച് അവർ സാമൂഹ്യക്ഷേമത്തെക്കുറിച്ച് ചർച്ച നടത്തുന്നത്. അതുകൊണ്ട് കരുതിയിരിക്കുക. തീർച്ചയായും ഇത് ഒരു സാമൂഹ്യക്ഷേമ പദ്ധതിയല്ല. കൊക്കക്കോളയ്ക്കും ജെയ്ൻ ഇറിഗേഷൻ ലിമിറ്റഡിനും ഒരുപോലെ ലാഭമുള്ള ഒരു വ്യവസായ സംരംഭമാണ് പ്ലാച്ചിമടയിൽ വരാൻ പോകുന്നത്. ഒന്നാംഘട്ടത്തിലെ ആരോഗ്യസംരക്ഷണ കേന്ദ്രവും, കരിയർ ഡവലപ്മെന്റ് സെന്ററും, വനിതാ ശാക്തീകരണവുമെല്ലാം ഒരു മറ മാത്രമാകും. കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി എന്ന പരിപാടിയുടെ തന്നെ വികൃതമായ ഒരു മുഖമാണ് ഇവിടെ അനാവൃതമാകുന്നത്.

കോർപ്പറേറ്റുകൾക്ക് നിയമപ്രകാരം സാമൂഹ്യപ്രവർത്തനം നിർബന്ധമാക്കിയ ഭരണാധികാരികൾ സി.എസ്.ആറിന്റെ മറവിൽ നടക്കുന്ന ഇത്തരം തട്ടിപ്പുകളെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. എത്ര പ്രതിബദ്ധരാക്കാൻ ശ്രമിച്ചാലും കൊക്കക്കോളയെപ്പോലെയുള്ള ബഹുരാഷ്ട്ര കോർപ്പറേറ്റുകളുടെ ഉള്ളിൽ ഉറഞ്ഞുകൂടിയിരിക്കുന്ന വഞ്ചനയുടെ ആഴങ്ങൾ അത്ര അഗാധമാണ്. അതുകൊണ്ടാണ് പ്ലാച്ചിമടയിൽ ചെയ്ത കൊടും കുറ്റകൃത്യങ്ങൾ മറച്ചുവച്ച് ഇത്തരത്തിൽ മുഖം മിനുക്കാൻ അവർക്ക് അനായാസം കഴിയുന്നത്. ജനാധിപത്യ സംവിധാനങ്ങൾ കൂടി അതിന് വഴിയൊരുക്കാൻ പരിശ്രമിക്കുന്നത് കാണുമ്പോൾ ഓർക്കുക, ഇനിയും ഏറെ അകലെയല്ല കോർപ്പറേറ്റോക്രസിയുടെ നിഷ്ഠൂരവാഴ്ച.

**വാൽക്കഷ്ണം**

പ്ലാച്ചിമടക്കാരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി ഇപ്പോൾ ഇറങ്ങിത്തിരിച്ചിരിക്കുന്ന കൊക്കക്കോളയുടെ ഒരു പഴയ കഥയുണ്ട്. പ്ലാച്ചിമടക്കാരോടുള്ള കൊക്കക്കോളയുടെ ആത്മാർത്ഥ വ്യക്തമാക്കുന്ന ആ കഥ ഈ സന്ദർഭത്തിൽ ഒന്നുകൂടി ഓർമ്മിപ്പിക്കട്ടെ. വ്യാവസായിക മാലിന്യം സംബന്ധിച്ച് അന്വേഷണം നടത്താൻ നിയോഗിക്കപ്പെട്ട സുപ്രീം കോടതി മോണിറ്ററിങ് സമിതി 2004 ആഗസ്റ്റിൽ പ്ലാച്ചിമട സന്ദർശിക്കുകയും, പ്രശ്നബാധിതരായവർക്ക് കമ്പനി നേരിട്ട് കുടിവെള്ളം എത്തിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിന് മേൽനോട്ടം വഹിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് ഒരു പ്രാദേശിക പരിസ്ഥിതി സംരക്ഷണ സമിതി രൂപീകരി ക്കുന്നു. മലിനീകരണ പ്രശ്നം നേരിടുന്ന 341 വീട്ടുകാരുടെ ലിസ്റ്റ് തയ്യാറാക്കി സമിതി കമ്പനിക്ക് കൈമാറുന്നു. വെള്ളം കിട്ടുമെന്ന് കരുതി പ്ലാച്ചിമട നിവാസികൾ കാത്തിരുന്നു. എന്നാൽ കമ്പനി കാരണമാണ് മലിനീകരണമുണ്ടായതെന്ന് 'ശാസ്ത്രീയമായി' തെളിയിക്കാൻ കഴിയാത്തതിനാൽ കുടിവെള്ളം കൊടുക്കാൻ സന്നദ്ധമല്ല എന്നതായിരുന്നു കൊക്കക്കോളയുടെ നിലപാട് അഥവാ പ്ലാച്ചിമടക്കാരോടുള്ള കോളയുടെ മറുപടി. കുടിക്കാനുള്ള വെള്ളം കൊടുക്കാൻ പോലും സന്നദ്ധരല്ലാതിരുന്ന കൊക്കക്കോളയാണ് ഇപ്പോൾ കാരുണ്യപ്രവർത്തനത്തിലൂടെ നാട്ടുകാരെ രക്ഷിക്കാൻ പോകുന്നതെന്ന് കേൾക്കുമ്പോൾ പ്ലാച്ചിമടക്കാർ പ്രതികരിച്ചുപോകുന്നത് സ്വാഭാവികം. ■